# സർക്കുലർ

16.8.2018

പ്രിയ സഹോദരങ്ങളേ,

ഒന്നിനുപുറകെ ഒന്നായി തുടർച്ചയായ ദുരന്താനുഭവങ്ങളിലൂടെ നാം കടന്നുപോകുകയാണ്. സമീപകാലത്തൊന്നും കേരളം നേരിട്ടിട്ടില്ലാത്തത്ര അതിരൂക്ഷമായ ഒരു മഴക്കെടുതിയുടെ പിടിയിലാണ് നമ്മുടെ സംസ്ഥാനം ഇന്ന്. കഴിഞ്ഞ ഒമ്പതു ദശാബ്ദത്തിനിടയിൽ ഇത്രയും ഗുരുതരമായ ഒരു മഴക്കെടുതി കേരളം നേരിട്ടിട്ടില്ലെന്നുവേണം പറയാൻ. 1924 ലാണ് ഏതാണ്ട് ഇതിന് സമാനമായ ഒരു പ്രളയം നമ്മുടെ സംസ്ഥാനത്തെ ദുരിതത്തിലാഴ്ത്തിയത്.

ഇത്തവണ പേമാരി വിതച്ച പ്രളയക്കെടുതി പരിഹരിക്കാനാവാത്ത നാശനഷ്ടങ്ങളാണ് സംസ്ഥാനത്തിന് വരുത്തിവച്ചിരിക്കുന്നത്. പേമാരിയും ഉരുൾപൊട്ടലും 8316 കോടിയുടെ നാശനഷ്ടം കേരളത്തിനുണ്ടാക്കിയിരിക്കുന്നുവെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കണക്ക്. 14 ജില്ലകളെയും പ്രളയക്കെടുതി ബാധിച്ചിരിക്കുന്നു. കെടുതികൾക്കിരയായ കുടുംബങ്ങളിലെ ലക്ഷക്കണക്കായ ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കേണ്ടിവന്നു. ഇടുക്കി, വയനാട്, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർകോഡ് ജില്ലകളിലുണ്ടായ ഉരുൾപൊട്ടലുകൾ വൻനാശനഷ്ടമാണ് വരുത്തിവച്ചത്. വിവിധ ജില്ലകളിലായി 350 ലേറെ ഉരുൾപൊട്ടലുകൾ ഉണ്ടായി എന്നാണ് കണക്ക്. ഇവയുടെ ഫലമായി നൂറുകണക്കിന് ഏക്കർ കൃഷിസ്ഥലങ്ങളും ആയിരക്കണക്കിന് ഏക്കറിലെ കൃഷിയും നശിച്ച് നാമാവശേഷമായി. റോഡുകളും പാലങ്ങളും ഒലിച്ചുപോയി. ഒരു വിമാനത്താവളംതന്നെ അടച്ചിടേണ്ടിവന്നു. കേരളത്തിന്റെ നെല്ലറയായ കുട്ടനാട് ഒരു മാസത്തിലേറെയായി വെള്ളത്തിനടിയിലാണ്. കൃഷിനാശത്തിന്റെ കണക്ക് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. ലഭ്യമായ കണക്കനുസരിച്ച് പ്രളയദുരന്തത്തിൽ ഇതിനോടകം 87 പേർക്ക് ജീവഹാനി നേരിട്ടു. ഒട്ടേറെ വീടുകളും കെട്ടിടങ്ങളും പൂർണമായോ ഭാഗികമായോ തകർന്നു.

പേമാരിയെത്തുടർന്ന് സംസ്ഥാനത്തെ 33 ജല സംഭരണികളിൽനിന്നുള്ള വെള്ളം തുറന്നുവിടേണ്ടിവന്നു. ഇതുമൂലം നദികളുടെയും പുഴകളുടെയും ഇരുകരകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉള്ളവർ പ്രളയദുരന്തത്തിലായി. താഴ്‌വാരമെന്നോ, മലയോര പ്രദേശമെന്നോ വ്യത്യാസമില്ലാതെ വിവരണാതീതമായ ദുരന്തമാണ് നമ്മുടെ കൊച്ചുകേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജനജീവിതം സാധാരണനിലയിലേക്ക് കൊണ്ടുവരാൻ മാസങ്ങൾതന്നെ വേണ്ടിവരും. ഇതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹായം ഉണ്ടായേ മതിയാകൂ.

അതിവൃഷ്ടിമൂലവും വിവിധ അണക്കെട്ടുകളിലെ വെള്ളം തുറന്നുവിടേണ്ടി വന്നതിനാലും കേരളത്തെ ബാധിച്ചിരിക്കുന്ന ഗുരുതരമായ പ്രളയക്കെടുതിയിൽനിന്ന് കേരളജനതയ്ക്കു മോചനം ലഭിക്കാനും ദുരന്തമനുഭവിക്കുന്നവർക്ക് സാന്ത്വനം ലഭിക്കാനും ദൈവസന്നിധിയിലേക്ക് പ്രാർത്ഥനയുടെ കരങ്ങളുയർത്താൻ എല്ലാ മനുഷ്യരെയും കെസിബിസി ആഹ്വാനംചെയ്യുന്നു. എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗത്തിനുവേണ്ടി ദിവ്യകാരുണ്യസന്നിധിയിൽ സമൂഹപ്രാർത്ഥന നടത്തണമെന്ന് മെത്രാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ, വിശുദ്ധബലിയർപ്പണം, ദിവ്യകാരുണ്യ ആരാധന, ജപമാല, പരിത്യാഗ പ്രവൃത്തികൾ തുടങ്ങിയ ഭക്താഭ്യാസങ്ങളിലൂടെ അവശത അനുഭവിക്കുന്നവരുടെ ആശ്വാസത്തിനായി നാം പ്രത്യേകം പ്രാർത്ഥിക്കണം. അതോടൊപ്പം **ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു നേരത്തെ ഉപവാസത്തിലൂടെയെങ്കിലും, 2018 ആഗസ്റ്റ് മാസം 26–ാം തീയതിയോടുകൂടി പിരിച്ചെടുക്കുന്ന തുക മാസാവസാനത്തിനുമുൻപുതന്നെ കെസിബിസി സെക്രട്ടറിയേറ്റിൽ എത്തിക്കേണ്ടതാണ്.** എല്ലാ സന്ന്യസ്തസമൂഹങ്ങളും കത്തോലിക്കാസ്ഥാപനങ്ങളും ഇട

വകകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ തുക ഭാരതത്തിലെ എല്ലാ രൂപതകളിൽനിന്നും ശേഖരിക്കുന്ന സംഭാവനകളുമായി കൂട്ടിച്ചേർത്ത് സിബിസിഐയുടെ ആഭിമുഖ്യത്തിൽ കാരിത്താസ് ഇന്ത്യ വഴി കേരളത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ സ്ഥാപനങ്ങളിൽ നല്ലൊരു പങ്കും ഇപ്പോൾത്തന്നെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. വലിയ തോതിൽ സാമ്പത്തികവും അല്ലാതെയുമുള്ള സമാഹരണങ്ങൾ ദുരിതബാധിതർക്കായി ഇടവകതോറും നടക്കുന്നുമുണ്ട്. കഴിയുന്ന എല്ലാവിധത്തിലും സർക്കാരിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും ദുരിതനിവാരണ പരിപാടികളോടു ചേർന്ന് പ്രവർത്തിക്കാൻ നമ്മുടെ എല്ലാ സംവിധാനങ്ങളും പ്രാദേശികതലത്തിൽ ശ്രദ്ധവയ്ക്കണം.

കെസിബിസിയുടെ സാമൂഹിക ക്ഷേമവിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളും സന്നദ്ധസംഘടനകളുമായി ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുൻനിരയിൽത്തന്നെയുണ്ട്. അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും, സർക്കാരുമായി സഹകരിച്ച് ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പങ്കുചേരാനും നമുക്കു പരിശ്രമിക്കാം. എല്ലാവരുടെയും അകമഴിഞ്ഞ സഹകരണവും പിന്തുണയും ഇക്കാര്യത്തിലുണ്ടാകണം. നമ്മുടെ എല്ലാ ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ സജ്ജമാക്കണം. യുവജനങ്ങൾ രൂപതാ സാമൂഹ്യക്ഷേമവിഭാഗവുമായി സഹകരിച്ച് സന്നദ്ധ സേനയായി പ്രവർത്തിക്കണം.

ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിങ്ങൾ നല്കിയ ഔദാര്യപൂർവകമായ സഹകരണം ഇക്കാര്യത്തിലും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർഥിക്കുന്നു.

ഇത്തരുണത്തിൽ, ദുരന്തനിവാരണത്തിനായി ക്രിയാത്മകമായി ഇടപെടുന്ന കേരള സർക്കാരിനെയും കേന്ദ്രസർക്കാരിനെയും ബന്ധപ്പെട്ട വകുപ്പുകളെയും മാധ്യമപ്രവർത്തകരെയും സംഘടനകളെയും വ്യക്തികളെയും കെസിബിസി പ്രത്യേകം അഭിനന്ദിക്കുന്നു. രാഷ്ട്രീയമോ മതപരമോ സാമൂഹികമോ ആയ വ്യത്യാസങ്ങളില്ലാതെ മനുഷ്യനന്മയ്ക്കായി കേരളം കരംകോർക്കുന്ന കാഴ്ച ഏറെ ആശ്വാസം പകരുന്നതാണ്.

പ്രതിസന്ധിയുടെ ഈ ഘട്ടത്തിൽ ദൈവത്തിലാശ്രയിച്ച് കാരുണ്യത്തിന്റെ കരങ്ങൾ കോർത്ത് നമ്മുടെ സഹോദരങ്ങളുടെ ദുരിതങ്ങൾ ദുരീകരിക്കാം. പ്രളയ ദുരിതത്തിലും മഴക്കെടുതിയിലും പെട്ടു കഴിയുന്ന എല്ലാ സഭാംഗങ്ങളോടും മറ്റെല്ലാ പ്രിയപ്പെട്ടവരോടുമുള്ള സ്നേഹവും ഐക്യദാർഢ്യവും അറിയിക്കുന്നു. ഈ പ്രതിസന്ധി മറികടക്കാൻ സർവശക്തനായ ദൈവം നമ്മെ ശക്തരാക്കട്ടെ!

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

Account Details:

| | |
|---|---|
| Account Holder | : KERALA CATHOLIC BISHOPS' COUNCIL<br>POC, Palarivattom, Kochi - 682 025 |
| Bank Account | : S.B. A/c No. 0423053000005221 |
| Name of Bank | : The South Indian Bank Ltd.,<br>Vennala Branch, Vennala P.O., Kochi-682 028, Kerala |
| IFSC | : SIBL0000423 |

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: 2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.